മലയാള മനോരമ



# മത്തിയുടെ ക്ഷാമം: നഷ്ടം 150 കോടി

**സ്വന്തം ലേഖകൻ**

കൊച്ചി • ജനകീയ മത്സ്യമായ മത്തിയുടെ ക്ഷാമം മൂലം കഴിഞ്ഞ വർഷം കേരളത്തിനു 150 കോടി രൂപയുടെ സാമ്പത്തിക നഷ്ടമുണ്ടായതായി കേന്ദ്രസമുദ്രമത്സ്യഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠന റിപ്പോർട്ട്. മത്തിയുടെ കുറവുമൂലം മത്സ്യമേഖലയിൽ 28.2 ശതമാനം പേർക്ക് തൊഴിൽ നഷ്ടമാവുകയും മത്തി വിലയിൽ 60 ശതമാനം വർധന ഉണ്ടായതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഇത് മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും പഠനം ചൂണ്ടിക്കാട്ടുന്നു.

മത്തി ലഭ്യത കുറയുന്നതിന്റെ കാരണങ്ങളും സിഎംഎഫ്ആർഐ കണ്ടെത്തി: അനിയന്ത്രിത മത്സ്യബന്ധനം, മത്തിയുടെ പ്രജനന സമയത്തിലെ മാറ്റം, എൽനിനോ പ്രതിഭാസം, അമിതമായ തോതിൽ കുഞ്ഞുങ്ങളെ പിടിച്ചെടുക്കൽ തുടങ്ങിയവയാണു കാരണങ്ങൾ.

2010-2012 കാലയളവിൽ വൻതോതിൽ കുഞ്ഞുങ്ങളെ പിടിച്ചെടുത്തത് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ മത്തി കുറയുന്നതിന് പ്രധാന കാരണമായെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

സംസ്ഥാനത്തെ മത്സ്യമേഖലയെ മെച്ചപ്പെടുത്തുന്നതിന് മന്ത്രി ജെ.മേഴ്സിക്കുട്ടിയമ്മ വിളിച്ചുചേർത്ത, മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളുടെ യോഗത്തിലാണ് ഇതു സംബന്ധിച്ച റിപ്പോർട്ട് കൈമാറിയത്. മത്തിയുടെ ലഭ്യതയിൽ ഈ വർഷം വർധനയ്ക്കു സാധ്യതയില്ലെന്നും സിഎംഎഫ്ആർഐയിലെ ഡോ. വി .കൃപയുടെ നേതൃത്വത്തിൽ നടന്ന പഠനം കണ്ടെത്തിയിട്ടുണ്ട്. ചെറിയ മത്സ്യങ്ങളെ പിടിക്കുന്നതിലുള്ള നിരോധനം കൂടുതൽ ശക്തമാക്കണമെന്നും സിഎംഎഫ്ആർഐ സർക്കാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മത്സ്യബന്ധന വലയുടെ നീളവും ആഴവും കുറയ്ക്കണമെന്നും കരുതൽ നടപടികൾ കൈക്കൊള്ളണമെന്നും നിർദേശമുണ്ട്.

കേരളത്തിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളുടെ സഹായം മത്സ്യബന്ധന രീതി, ബോട്ട്, മത്സ്യബന്ധന ദൂരപരിധി, മത്സ്യകൃഷി, തീരദേശ പരിപാലനം, മത്സ്യസംസ്കരണം തുടങ്ങിയ മേഖലകളിൽ തേടുമെന്നു മന്ത്രി മേഴ്സിക്കുട്ടിയമ്മ വ്യക്തമാക്കി.